**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2305** — 05.12.2018 -ൽ മറുപടിക്ക്.

**മത്സ്യത്തൊഴിലാളികളുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം<br>**ശ്രീ. കെ.ദാസൻ:** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) മത്സ്യത്തൊഴിലാളികളായവരുടെ റേഷൻകാർഡുകൾ മുഴുവനും മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) മത്സ്യത്തൊഴിലാളികളായവരുടെ റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; | (ബി) യും (സി) യും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന കുടുംബങ്ങളെ മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ 15 മാർക്ക് വെയിറ്റേജ് നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) മത്സ്യത്തൊഴിലാളികൾ ഉൾപ്പെടുന്ന റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് പൊതു മാനദണ്ഡങ്ങൾ തന്നെയാണോ ബാധകം; അല്ല എങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചത് എന്നത് വ്യക്തമാക്കാമോ; | |
| (ഡി) കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറി കിട്ടാൻ മത്സ്യത്തൊഴിലാളികൾ എവിടെയാണ് അപേക്ഷിക്കേണ്ടത്; അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; വ്യക്തമാക്കാമോ? | (ഡി) "പാരമ്പര്യ മത്സ്യത്തൊഴിലാളികൾ" എന്നു തെളിയിക്കുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

*സെക്ഷൻ ഓഫീസർ*